ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു:

1. നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ രോഗി സ്ഥിരമായി താമസമുള്ളതും റേഷൻ കാർഡുള്ളതുമായ ജില്ലയിലെ ജില്ലാ ലോട്ടറി ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

2. റേഷൻ കാർഡിന്റെ പകർപ്പ്, ആശുപത്രിയിൽനിന്നും ലഭിച്ചിട്ടുള്ള ചികിത്സാ ചെലവ് കണക്കാക്കിക്കൊണ്ടുള്ള എസ്റ്റിമേറ്റ്, രോഗിയും കുടുംബാംഗങ്ങളും ചേർന്ന് രോഗി താമസിക്കുന്ന വീടിന് മുന്നിൽ നിന്നും എടുത്തിട്ടുള്ളതുമായ ഒരു കളർ ഫോട്ടോ, രോഗിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. ജില്ലാതല കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് സംസ്ഥാനതല കമ്മിറ്റി അനുവദിക്കുന്ന ചികിത്സാ ധനസഹായത്തുക ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് നൽകുന്നു. എന്നാൽ അടിയന്തര ചികിത്സ ആവശ്യമുള്ള ഘട്ടങ്ങളിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ ചികിത്സാനുമതി നൽകുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതല കമ്മിറ്റിയിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ള അപേക്ഷകളിൽ അടിയന്തര ഘട്ടങ്ങളിൽ സർജറി ഉൾപ്പെടുയുള്ള ചികിത്സ ആവശ്യമായി വരുന്ന പക്ഷം സംസ്ഥാന തലത്തിൽ അഡ്മിനിസ്ട്രേറ്ററും മുൻകൂർ ചികിത്സാനുമതി നൽകുന്നുണ്ട്. ചികിത്സാ ധനസഹായം ലഭിക്കുവാൻ കാലതാമസം വരുന്ന കേസുകളിൽ രോഗി സ്വന്തം കയ്യിൽനിന്നും ചികിത്സയ്ക്കായി വിനിയോഗിച്ച തുക റീ-ഇംബേഴ്സ്മെന്റായി നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. അപേക്ഷ സമർപ്പിച്ച തീയതി മുതലാണ് ധനസഹായത്തിന് അർഹത. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അടിയന്തരമായി സർജറിക്ക് വിധേയരാകേണ്ടിവരുന്ന, സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന ഗുണഭോക്താക്കളുടെ അപേക്ഷ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ അതാത് ജില്ലാ ഭാഗ്യക്കുറി ആഫീസിൽ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. ഫീമോഫീലിയ രോഗികൾക്ക് ആവശ്യമായ ഫാക്ടറുകൾ (മരുന്ന്) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ലഭ്യമാക്കുന്നുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട്

115 (1941) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ വിശദാംശങ്ങളും പ്രസ്തുത ആശുപത്രികളിൽ ചികിൽസ നടത്തിയ ഇനത്തിൽ കൊടുത്തു തീർക്കേണ്ട കുടിശ്ശിക തുക എത്ര വീതമുണ്ടെന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടിശ്ശികയുള്ളതിനാൽ ആശുപത്രികളിൽ ചികിത്സ നിഷേധിക്കുന്ന സാഹചര്യം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും ഗുരുതരമായ ചികിൽസകൾക്കു വേണ്ടിയല്ലാതെ ചെറിയ ചികിൽസകൾക്ക് ഇതേവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അത് ആർക്കെല്ലാമാണെന്നും ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണം മെഡിക്കൽ കോളേജ്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലും കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അക്രഡിറ്റേഷൻ നടത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഡയാലിസിസ് സെന്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 'എ' യും 'ബി'യും ആയി ചേർത്തിട്ടുണ്ട്. സർക്കാർ ആശുപത്രികൾക്ക് 406.91 കോടി രൂപയും, സ്വകാര്യ ആശുപത്രികൾക്ക് 15.63 കോടി രൂപയും കുടിശ്ശികയായി നൽകാനുണ്ട്.

(ബി) കടിശ്ശികയുള്ളതിനാൽ ആശുപത്രികളിൽ ചികിത്സ നിഷേധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗവ. ആശുപത്രി തലങ്ങളിലും സ്വകാര്യ ആശുപത്രി തലങ്ങളിലും കുടിശ്ശിക തുക താമസംവിനാ അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽനിന്നും ഗുരുതരമായ ചികിത്സകൾക്ക് വേണ്ടിയല്ലാതെ ചെറിയ ചികിത്സകൾക്കായി ഒറ്റത്തവണ സമാശ്വാസ ചികിത്സ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ജില്ലതിരിച്ച് അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും ആകെ തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം സി* ആയി ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly